I ഇ.ബി. XIII- കേരള നിയമസഭ/VIII-6

# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

## (ചോദ്യോത്തരങ്ങൾ ഒഴികെ)

2013 മാർച്ച് 22, വെള്ളി

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**പ്രസ്താവന**

**ഇന്ത്യയുടെ നയതന്ത്ര വിജയം**

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): നയതന്ത്രപരിരക്ഷ ഒരു രാജ്യത്തിന്റെ പരാമാധികാരത്തെയും നിയമവ്യവസ്ഥിതിയെയും വെല്ലുവിളിക്കാനുള്ളതല്ലെന്ന കേന്ദ്രസർക്കാരിന്റെ ശക്തമായ നിലപാടിന്റെയും സുപ്രീം കോടതി വിധിയുടെയും അടിസ്ഥാനത്തിൽ കേരളത്തിലെ മത്സ്യത്തൊഴിലാളികളെ കടലിൽവച്ച് വെടിവച്ചുകൊന്ന 2 ഇറ്റാലിയൻ നാവികർ വിചാരണ നേരിടാൻ ഇന്ത്യയിലേയ്ക്ക് തിരികെവരുന്ന സാഹചര്യമുണ്ടായിരിക്കുന്നതിനാൽ കേരളത്തിലെ മുഴുവൻ ജനങ്ങളുടേയും പേരിൽ സുപ്രീംകോടതിയോടും കേന്ദ്രസർക്കാരിനോടുമുള്ള നന്ദി പ്രകടിപ്പിക്കുന്നു.

## അടിയന്തര പ്രമേയം

### വിദ്യാർത്ഥി മാർച്ചിനുനേരെയുണ്ടായ ലാത്തിച്ചാർജ്ജ്

മി. സ്പീക്കർ: ഫീസ് വർദ്ധനയ്ക്കെതിരെ 21-3-2013-ന് കണ്ണൂർ സർവകലാശാലാ ആസ്ഥാനത്തേയ്ക്ക് മാർച്ച് നടത്തിയ എസ്.എഫ്.ഐ. പ്രവർത്തകർക്കുനേരെ നടന്ന ലാത്തിച്ചാർജ്ജിൽ പെൺകുട്ടികൾ ഉൾപ്പെടെ യുള്ള വിദ്യാർത്ഥികൾക്ക് പരിക്കേറ്റതിനെത്തുടർന്ന് ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം ഇന്നത്തെ സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ ഇ.പി. ജയരാജൻ, കെ. രാജു, മാത്യു റ്റി. തോമസ്, എ.എ. അസീസ്, എ.കെ. ശശീന്ദ്രൻ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): ഫീസ് വർദ്ധനവിനെതിരെ കണ്ണൂർ യൂണിവേഴ്സിറ്റി അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിലേയ്ക്ക് മാർച്ച് നടത്തിയ എസ്.എഫ്.ഐ. ജില്ലാ സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള അഞ്ഞൂറോളം വിദ്യാർത്ഥികളെ തളിപ്പറമ്പ് ഡിവൈ.എസ്.പി.യുടെ നേതൃത്വത്തിൽ തടഞ്ഞുവെങ്കിലും വിദ്യാർത്ഥികൾ കുത്തിയിരുന്ന് പ്രതിഷേധിക്കുകയുണ്ടായി. മാർച്ച് ഉദ്ഘാടനത്തിനുശേഷം വിദ്യാർത്ഥികൾ യാതൊരു പ്രകോപനവുമില്ലാതെ യൂണിവേഴ്സിറ്റിയിലേയ്ക്ക് തള്ളിക്കയറാൻ ശ്രമിക്കുകയും തുടർന്ന് നടന്ന കല്ലേറിൽ യൂണിവേഴ്സിറ്റിയുടെ മുൻവ ശത്തെ ജനൽ ഗ്ലാസ് പൊട്ടുകയും ഡ്യൂട്ടിയിലുണ്ടായിരുന്ന തളിപ്പറമ്പ് ഡിവൈ.എസ്.പി. ഉൾപ്പെടെയുള്ള 18 പോലീസുകാർക്ക് പരിക്ക് പറ്റുകയു

മുണ്ടായി. അക്രമാസക്തരായ വിദ്യാർത്ഥികളെ പോലീസ് ടിയർ ഗ്യാസ് ഷെല്ലുകൾ പൊട്ടിച്ച് പിരിച്ചുവിടുകയും പരിക്ക് പറ്റിയ 3 വിദ്യാർത്ഥികളെ തളിപ്പറമ്പ് കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റലിലും 6 വിദ്യാർത്ഥികളെ കണ്ണൂർ എ.കെ.ജി. ആശുപത്രിയിലും പ്രവേശിപ്പിക്കുകയും ചെയ്തിട്ടുണ്ട്. മാൽപ്രാക്റ്റീസ് നടത്തിയ കുട്ടികളുടെ കൺസോളിഡേറ്റഡ് മാർക്ക് ലിസ്റ്റിനുവേണ്ടിയുള്ള ഫൈനും ഗ്രേസ് മാർക്ക് എന്റർ ചെയ്യുന്നതിന് താമസി ച്ചുപോയാലുള്ള ഫീസും ഫാക്കൽറ്റി ഇംപ്രൂവ്മെന്റ് സ്കീമിനകത്ത് വരുന്ന അദ്ധ്യാപകർക്കുള്ള തുകയും പേപ്പർ വാല്യുവേഷൻ നടത്തുന്നതിനു ള്ള തുകയുമാണ് വർദ്ധിപ്പിച്ചിട്ടുള്ളത്.

ശ്രീ. ഇ. പി. ജയരാജൻ: കണ്ണൂർ യൂണിവേഴ്സിറ്റി പരിസരത്ത് വിദ്യാർത്ഥികൾക്ക് നേരെ നടന്ന പോലീസ് അതിക്രമത്തെ ന്യായീക്കരിക്കാനു ള്ള ശ്രമമാണ് സർക്കാർ നടത്തിയിരിക്കുന്നത്. വൈസ് ചാൻസിലർ സ്ഥാനം വഹിക്കുന്ന ഗവൺമെന്റ് സെക്രട്ടറിയുടെ സിറ്റിംഗ് ഫീസ് 750 രൂപയായി വർദ്ധിപ്പിച്ചത് പരാമർശിക്കാതെ കുട്ടികളുടെ സർട്ടിഫിക്കറ്റിന്റെ ഫീസ് വർദ്ധനവിനെക്കുറിച്ച് മാത്രമാണ് ബഹുമാനപ്പെട്ട മന്ത്രി പരാമർശിച്ചത്. 700 ശതമാനം വരെ ഫീസ് വർദ്ധിപ്പിച്ച നടപടിയിൽ പ്രതിഷേധിച്ച വിദ്യാർത്ഥികളെ നേരിടാൻ വൻ പോലീസ് സന്നാഹമാണ് ഒരുക്കിയിരുന്നത്. ഗേറ്റിന് മുന്നിലിരുന്ന് മുദ്രാവാക്യം വിളിച്ച വിദ്യാർത്ഥികളെ ഒരു കാരണവുമി ല്ലാതെ പോലീസ് മർദ്ദിക്കുകയും പെൺകുട്ടികളെ വനിതാ ഹോസ്റ്റലിൽ കയറി അക്രമിക്കുകയും ചെയ്തു. പോലീസിനെ കയറൂരി വിട്ടതിന്റെ അനന്തര ഫലമായാണ് അക്രമസംഭവങ്ങൾ ഉണ്ടായത്. കസ്റ്റഡിയിലെടുത്ത വിദ്യാർത്ഥികളോട് നീചമായ നിലയിലാണ് പോലീസ് പെരുമാറിയത്.

സംഭവത്തിൽ പരിക്കുപറ്റിയ വിദ്യാർത്ഥികൾ വിവിധ ആശുപത്രികളിൽ ചികിത്സയിലാണ്. കണ്ണൂർ സർവ്വകലാശാലയിൽ നടന്നിട്ടുള്ള പോലീസ് അതിക്രമത്തെ സംബന്ധിച്ച് ജുഡീഷ്യൽ അന്വേഷണം നടത്തണം. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): വിദ്യാർത്ഥികളോട് ക്രൂരമായ നിലപാട് സ്വീകരിക്കുന്നത് ഈ ഗവൺമെന്റിന്റെ നയമല്ല. ഓട്ടോണമസ് ബോഡിയായ യൂണിവേഴ്സിറ്റി എടുക്കുന്ന തീരുമാനങ്ങളിൽ ഇടപെടുന്നതിൽ ഗവൺമെന്റിന് പരിമിതികളുണ്ട്. ഇത്തരം കാര്യങ്ങളിൽ അഭിപ്രായവ്യത്യാസമുണ്ടെങ്കിൽ മുഖ്യമന്ത്രിയുടെയും യൂണിവേഴ്സിറ്റിയുടെ പ്രോ-വൈസ്ചാൻസലറായ വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെയും ശ്രദ്ധയിൽപ്പെടുത്തുകയാണ് ചെയ്യേണ്ടിയിരുന്നത്. എന്നാൽ ഗവൺമെന്റിന് ഒരു പെറ്റീഷൻപോലും കൊടുക്കാതെ വിദ്യാർത്ഥികൾ നേരിട്ട് സമരത്തിലേയ്ക്ക് കടക്കുകയാണ് ചെയ്തിരിക്കുന്നത്. സംഭവസ്ഥലത്ത് സമാധാന അന്തരീക്ഷം നിലനിറുത്തണമെന്നതാണ് ഗവൺമെന്റിന്റെ നിലപാട്. ഒരു അറസ്റ്റ് നടന്നതിന്റെ പേരിൽ ആഫീസിന് നാശനഷ്ടം വരുത്തിവച്ചിരിക്കുകയാണ്. അക്രമ സംഭവത്തോടനുബന്ധിച്ച് ഡിവൈ.എസ്.പി. ഉൾപ്പെടെ 16-ഓളം പോലീസുകാർക്ക് പരിക്ക് പറ്റിയിട്ടുണ്ട്. ഇത്തരം അക്രമപ്രവർത്തനങ്ങളിൽനിന്ന് പിൻമാറാൻ തയ്യാറാകണം. കുട്ടികൾക്ക് പഠിക്കാനുള്ള സാഹചര്യം സൃഷ്ടിക്കണം. സമാധാന അന്തരീക്ഷം നിലനിറുത്തുന്നത് സംബന്ധിച്ച് ചർച്ച ചെയ്യാൻ ഗവൺമെന്റ് തയ്യാറാണ്. ഈ വിഷയം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി. എസ്. അച്ചുതാനന്ദൻ, സി. ദിവാകരൻ, മാത്യു റ്റി. തോമസ്, എ. എ. അസീസ് എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയ ശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

**ശ്രദ്ധ ക്ഷണിക്കൽ**

(1) **പരിസ്ഥിതി നയം**

ശ്രീ. പാലോട് രവി: ആഗോളതാപനവ്യതിയാനംമൂലം പരിസ്ഥിതിക്കുണ്ടാകുന്ന ആഘാതം ജൈവ സമ്പത്തുകളിൽ ഉണ്ടാക്കുന്ന ഗുരുതരമായ പ്രത്യാഘാതം കണക്കിലെടുത്ത് വിഷൻ 2030-ന്റെ ഭാഗമായി ഒരു പരിസ്ഥിതി നയം രൂപീകരിക്കണം. പാരിസ്ഥിതിക തകർച്ച ഗൗരവമായിട്ടെടുത്ത് സമഗ്രമായ ഒരു പരിസ്ഥിതി അനുകൂല ഭൂനയത്തിന് രൂപം നൽകണം. സംസ്ഥാനത്തിന്റെ വികസനത്തിന് ഉതകുന്ന രീതിയിൽ പരിസ്ഥിതിയുടെ പുന:സ്ഥാപനത്തിനും സംരക്ഷണത്തിനുമായി പദ്ധതി ആവിഷ്കരിക്കണം. ഭക്ഷ്യ-ജല സുരക്ഷ ഉറപ്പുവരുത്തുന്നത് നെൽവയലുകളിലൂടെയും തണ്ണീർത്തടങ്ങളിലൂടെയുമായതിനാൽ വയലുകൾ സംരക്ഷിക്കപ്പെടണം. കുറ്റമറ്റ രീതിയിൽ ഡാറ്റാ ബാങ്ക് വിജ്ഞാപനം ചെയ്ത് നെൽവയൽ-നീർത്തട നിയമം കാര്യക്ഷമമായി നടപ്പിലാക്കണം. എല്ലാ കെട്ടിടങ്ങളിലും മഴവെള്ളം സംഭരിക്കുന്നതിനും മഴവെള്ളം മണ്ണിൽ സംഭരിച്ച് ജല നിരപ്പ് നിലനിർത്തുന്നതിനുമുള്ള സംവിധാനമുണ്ടാക്കണം. കുന്നുകളും മലകളും ഇടിച്ചുനി

രത്തിക്കൊണ്ട് നടത്തുന്ന വൻകിട നിർമ്മാണ പ്രവർത്തനങ്ങളെ നിരുത്സാഹപ്പെടുത്തണം. വിദഗ്ദ്ധരേയും ജനപ്രതിനിധികളേയും ഉൾപ്പെടുത്തിക്കൊണ്ട് ഒരു ഭൂ നയം വിജ്ഞാപനം ചെയ്യാനും പാറമടകൾ ഖനനം ചെയ്യുന്നതിന് മുമ്പ് പാരിസ്ഥിതിക ആഘാത പഠനം നടത്തുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): മണ്ണും മണലും കരിങ്കല്ലും അമിതമായി ചൂഷണം ചെയ്യുന്നത് പരിസ്ഥിതിയെ ദോഷകരമായി ബാധിക്കും. 2009-ൽ പ്രഖ്യാപിച്ച പരിസ്ഥിതി നയം പുതുക്കാൻ നടപടി ആരംഭിച്ചിട്ടുണ്ട്. കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള നയസമീപനങ്ങൾ പുതുക്കിയ പരിസ്ഥിതി നയത്തിൽ ഉണ്ടായിരിക്കും. ജലസ്രോതസ്സുകൾ സംരക്ഷിക്കപ്പെടേണ്ടത് അത്യന്താപേക്ഷിതമാണ്. ഈ വർഷം 'ജല വർഷ'മായി സംസ്ഥാനം ആചരിക്കുന്നതിനാൽ ജല സ്രോതസ്സുകൾ സംരക്ഷിക്കുന്നതിനുവേണ്ടി നദികളിൽ തടയണകൾ നിർമ്മിക്കുക, കുളങ്ങൾ സംരക്ഷിക്കുക, കെട്ടിടങ്ങളിൽ മഴവെള്ള സംഭരണി നിർബന്ധിതമാക്കുക തുടങ്ങിയവയെക്കുറിച്ച് ആലോചിക്കുന്നുണ്ട്. നിലവിലുള്ള കെട്ടിടങ്ങളിൽ സമയബന്ധിതമായി മഴവെള്ള സംഭരണി സ്ഥാപിക്കും. നദീ സംരക്ഷണ അതോറിട്ടി രൂപീകരിക്കുന്നതിനെക്കുറിച്ച് ബഡ്ജറ്റിൽ പരാമർശിച്ചിട്ടുണ്ട്. വിഷൻ 2030-ൽ പരിസ്ഥിതിക്ക് പ്രത്യേക പ്രാധാന്യം കൊടുത്തുകൊണ്ട് ഒരു ഡ്രാഫ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. പരിസ്ഥിതി സംരക്ഷണം ഉറപ്പുവരുത്താനും വികസന പദ്ധതികൾ പരിസ്ഥിതി സൗഹൃദപരമാക്കാനും സംസ്ഥാനത്തെ വാട്ടർ പോസിറ്റീവ് ആക്കാനും

ഉദ്ദേശിക്കുന്നു. എല്ലാ പാറമട ഖനനത്തിനും പാരിസ്ഥിതിക ആഘാത പഠനം നിർബന്ധമാക്കും.

## (2) മത്സ്യത്തൊഴിലാളികളെ ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെടുത്തൽ

ശ്രീ. കെ. ദാസൻ: കേരളത്തിൽ തലമുറകളായി മത്സ്യബന്ധനത്തിലേർപ്പെട്ട് ഉപജീവനം നടത്തുന്ന മത്സ്യത്തൊഴിലാളികളുടേയും അനുബന്ധ തൊഴിലാളികളുടെയും ജീവിത ചുറ്റുപാടുകളും സാമൂഹ്യ സാമ്പത്തിക നിലവാരവും പരിതാപകരമാണ്. ഭവന നിർമ്മാണം, സാനിട്ടേഷൻ, വൈദ്യുതി, ശുദ്ധജല വിതരണം, ആരോഗ്യ പരിപാലനം എന്നീ രംഗങ്ങളിലെല്ലാം ഈ മേഖല നേട്ടം കൈവരിക്കേണ്ടതായിട്ടുണ്ട്. ട്രോളിംഗ് നിരോധന കാലത്ത് സൗജന്യ റേഷൻ നൽകുന്നതുപോലെ യന്ത്രവത്കൃത ബോട്ടുകളിലെ മത്സ്യത്തൊഴിലാളികൾക്കെന്നപോലെ മറ്റു വള്ളങ്ങളിൽ പണിയെടുക്കുന്ന മത്സ്യത്തൊഴിലാളികൾക്കും സൗജന്യ റേഷൻ അനുവദിക്കണം. ഇവരെ ബി.പി.എൽ. പട്ടികയിലുൾപ്പെടുത്തി ഭക്ഷ്യ സുരക്ഷാ പദ്ധതിയുടെ ഗുണഭോക്താക്കളാക്കി മാറ്റുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): തീരദേശ/ഉൾനാടൻ മത്സ്യഗ്രാമങ്ങളിൽ മത്സ്യലഭ്യതയെ മാത്രം ആശ്രയിച്ച് ജീവിക്കുന്ന മത്സ്യത്തൊഴിലാളികൾ ദാരിദ്ര്യത്തിനും ഇടത്തട്ടുകാരുടെ ചൂഷണത്തിനും വിധേയരാകുന്നുണ്ട്. എ.പി.എൽ/ബി.പി.എൽ. ഭേദമില്ലാതെ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ എല്ലാവരെയും ഫിഷറീസ് ഡിപ്പാർട്ടുമെന്റ് നടപ്പാക്കുന്ന സമ്പാദ്യ സമാശ്വാസ പദ്ധതിയിൽ അംഗങ്ങളാക്കുന്നതിന് ഉത്തരവായിട്ടുണ്ട്. ബി.പി.എൽ. ലിസ്റ്റ് തയ്യാറാക്കുന്നതിന് സംസ്ഥാന ഗ്രാമ വികസന വകുപ്പ് സർവ്വേ നടത്തിക്കൊ

ണ്ടിരിക്കുകയാണ്. 2009-ലെ ബി.പി.എൽ. ലിസ്റ്റാണ് നിലവിലുള്ളത്. 2012-ൽ ഗ്രാമവികസന വകുപ്പ് നടത്തിയ സോഷ്യോ-ഇക്കണോമിക് കാസ്റ്റ് സെൻസസ്സിന്റെ കരട് റിപ്പോർട്ട് പ്രസിദ്ധീകരിക്കുമ്പോൾ അപാകതകളുണ്ടെങ്കിൽ പരിഹരിക്കപ്പെടുന്നതാണ്.

**സബ്മിഷൻ**

## (1) കെ.എസ്.ഇ.ബി.-യുടെ ആസ്തി-ബാദ്ധ്യത തിട്ടപ്പെടുത്തൽ

പ്രതിപക്ഷ നേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): കെ.എസ്.ഇ.ബി. -യെ കമ്പനിയാക്കി മാറ്റുമ്പോൾ ആസ്തി ബാദ്ധ്യതകൾ തിട്ടപ്പെടുത്തുന്നതിനും ഓഹരികൾ സ്വകാര്യവ്യക്തികൾക്ക് വിൽക്കുകയില്ലെന്നും നിയമം മുഖേന ഉറപ്പാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): 2008-ൽ എൽ.ഡി.എഫ്. സർക്കാരാണ് കെ.എസ്.ഇ.ബി.-യെ കമ്പനിയാക്കി രജിസ്റ്റർ ചെയ്തത്. അതിന്റെ ആർട്ടിക്കിൾസ് ഓഫ് അസോസ്സിയേഷനിൽ ഈ സർക്കാർ മാറ്റം വരുത്തിയിട്ടില്ല. ഓഹരികൾ സ്വകാര്യമേഖലയ്ക്ക് വിൽക്കാൻ തീരുമാനിച്ചിട്ടില്ല. ഫ്രാഞ്ചൈസി മോഡലോ സ്വകാര്യവത്കരണമോ നടപ്പാക്കുന്നതിലൂടെ ബോർഡ് പുന:സംഘടിപ്പിക്കേണ്ട എന്ന് ക്യാബിനറ്റ് തീരുമാനിക്കുകയും കേന്ദ്രത്തെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. മുൻ സർക്കാർ 2010-ൽ കെ.എസ്.ഇ.ബി.യുടെ അസറ്റും ലയബിലിറ്റിയും ഗവൺമെന്റിൽ വെസ്റ്റ് ചെയ്തിരുന്നു. അസറ്റ് റീ-വെസ്റ്റ് ചെയ്യുന്ന പ്രക്രിയ മാത്രമാണ് ബാക്കിയുണ്ടായിരുന്നത്. ഈ സർക്കാർ റീ-വെസ്റ്റ് ചെയ്യുകയില്ല. ചീഫ് സെക്രട്ടറി ചെയർമാനായ കമ്മിറ്റി പെൻഷൻ ഫണ്ട് എണ്ണായിരത്തി ചില്വാനം കോടിയായി തീരുമാനിച്ചിരിക്കുകയാണ്. ജീവനക്കാരുടെ

താൽപര്യം പൂർണ്ണമായി സംരക്ഷിച്ചുകൊണ്ട് ട്രൈപ്പാർട്ടൈറ്റ് എഗ്രിമെന്റ് ഉണ്ടാക്കിക്കൊണ്ട് ഇത് നടപ്പാക്കും.

## (2) വെള്ളായണി ശുദ്ധജല പദ്ധതി

ശ്രീമതി ജമീലാ പ്രകാശം: വെള്ളായണി ശുദ്ധജല പദ്ധതിയിൽനിന്നും ജലവിതരണ ലൈനുകളിലേയ്ക്ക് കണക്ഷൻ നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ജല വിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): വിഴിഞ്ഞം ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ പദ്ധതിയുടെ ഭാഗമായി നിർമ്മിച്ച 3.3 എം.എൽ.ഡി. ശുദ്ധീകരണ ശാലയുടെ പണികൾ പൂർത്തിയായെങ്കിലും സാമൂഹിക പ്രതിബദ്ധതയുടെ ഭാഗമായി 1.45 എം.എൽഡി. ശുദ്ധജലം സമീപത്തെ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ വിതരണം ചെയ്യുന്നതിനാവശ്യമായ പണികളുടെ ദർഘാസിന് അംഗീകാരം നൽകുന്നത് വാട്ടർ അതോറിറ്റിയുടെ പരിഗണനയിലാണ്. അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പുതിയ 20 എച്ച്.പി. പമ്പും പൈപ്പ്ലൈനുകളും സ്ഥാപിക്കുന്ന പ്രവൃത്തികൾ മൂന്ന് മാസത്തിനകം പൂർത്തീകരിക്കുന്നതാണ്.

## (3) കുടിവെള്ള ക്ഷാമം

ശ്രീ. വി. ശിവൻ കുട്ടി: നേമം നിയോജകമണ്ഡലത്തിൽ പുഞ്ചക്കരി, പൂങ്കുളം, തിരുവല്ലം, വെള്ളാർ എന്നീ പ്രദേശങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് ജഡ്ജിക്കുന്ന് വാട്ടർ സപ്ലൈ സ്കീം കമ്മീഷൻ ചെയ്യുന്ന തിനും കല്ലടിച്ചാംമൂല കുടിവെള്ള വിതരണ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കണം.

ജല വിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): നേമം നിയോജകമണ്ഡലത്തിൽ പുഞ്ചക്കരി, പൂങ്കുളം, തിരുവല്ലം, വെള്ളാർ എന്നീ വാർഡുകളിൽ ശുദ്ധജല വിതരണത്തിനാവശ്യമായ ജലം ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ഭാഗമായി നെല്ലിയോട് ജഡ്ജിക്കുന്നിൽ സ്ഥാപിച്ചിട്ടുള്ള 25.9 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഭൂതല ജല സംഭരണിയിൽനിന്നും നൽകുന്നതിനുള്ള എല്ലാ പണികളും പൂർത്തീകരിച്ചിട്ടുണ്ട്. ജൻറം പദ്ധതിയിൽപ്പെടുത്തി 30 കിലോമീറ്റർ ദൂരം പൈപ്പുകൾ സ്ഥാപിക്കുകയും 1.2 എം.എൽ കപ്പാസിറ്റിയുള്ള കല്ലടിച്ചാംമൂല ടാങ്കിന്റെ നിർമ്മാണം ഭാഗികമായി പൂർത്തീകരിക്കുകയുമുണ്ടായി. ടാങ്കിന്റെ നിർമ്മാണത്തിനാവശ്യമായ 138 ലക്ഷം രൂപയിൽ 75 ലക്ഷം രൂപ കോർപ്പറേഷൻ നൽകിയിട്ടുണ്ടെങ്കിലും ബാക്കിയുള്ള തുക ലഭിച്ചശേഷമേ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയുകയുള്ളു. 2013 ഡിസംബർ മാസത്തോടുകൂടി പദ്ധതി കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## (4) എറണാകുളത്തെ ഗതാഗതക്കുരുക്ക്

ശ്രീ. ബെന്നി ബെഹനാൻ: എറണാകുളം ജില്ലയിലും പരിസരപ്രദേശത്തും അനുഭവപ്പെടുന്ന ഗതാഗതക്കുരുക്കിന് പരിഹാരമുണ്ടാക്കുന്നതിന് വിവിധ വകുപ്പുകളുടെ കോ-ഓർഡിനേഷനോടുകൂടി ബൈപ്പാസും ഫ്ളൈഓവറുകളും റോഡുകളും നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): കൊച്ചി നഗരത്തിലെ അതിരൂക്ഷമായ ഗതാഗതക്കുരുക്ക് പരിഹരിക്കാൻ അവിടെ ട്രാഫിക് സിഗ്നൽ ലൈറ്റുകൾ,

ഓട്ടോമാറ്റിക് എൻഫോഴ്സ്മെന്റ് ക്യാമറകൾ തുടങ്ങിയവ സ്ഥാപിച്ചും ഹോം ഗാർഡുകൾ, ട്രാഫിക് പോലീസ് സംവിധാനം എന്നിവയെ നിയോഗിച്ചും ഗതാഗതം കഴിയുന്നത്ര സുഗമമാക്കാൻ നടപടി സ്വീകരിക്കുന്നതാണ്. കൂടാതെ കളമശ്ശേരി, പാലാരിവട്ടം, വൈറ്റില, കുണ്ടന്നൂർ, കച്ചേരിപ്പടി എന്നി വിടങ്ങളിൽ ഓവർബ്രിഡ്ജുകളും അണ്ടർപ്പാസുകളും, കാൽനടയാത്ര ക്കാർക്ക് സബ് വേകളും ഉണ്ടാക്കിയാൽ ഈ പ്രശ്നത്തിന് പരിഹാരമുണ്ടാ ക്കാൻ കഴിയുന്നതാണ്. കൊച്ചി മെട്രോ റെയിൽ പദ്ധതി യാഥാർത്ഥ്യമാകു ന്നതോടുകൂടി നഗരത്തിനുള്ളിലെ റോഡുകളുടെ വിസ്തൃതി കുറയുകയി ല്ലെന്നും ഉറപ്പു വരുത്തേണ്ടതുണ്ട്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): എറണാകുളം ജില്ലയിലെ ഗതാഗതക്കുരുക്ക് പരിഹരിക്കാൻ പര്യാപ്തമായ മാർഗ്ഗം കണ്ടെത്താൻ Aegis India Limited-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മുഖ്യമന്ത്രിയുടെ നിർദ്ദേശമനുസരിച്ച് ഗതാഗതക്കുരുക്ക് സംബന്ധിച്ച് സമഗ്രമായൊരു റിപ്പോർട്ട് സമർപ്പിക്കാൻ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ഗതാഗതക്കുരുക്ക് പരിഹരിക്കാനാവ ശ്യമായ സാമ്പത്തിക -സാങ്കേതിക -പ്രായോഗിക വശങ്ങൾ പഠിച്ച് തീരുമാന മെടുക്കുന്നതാണ്.

## (5) കെട്ടിടനിർമ്മാണ സാധനങ്ങൾ കടത്തിവിടൽ

ശ്രീ. ആർ. സെൽവരാജ്: അന്യസംസ്ഥാനത്ത് നിന്നും വരുന്ന കെട്ടിട നിർമ്മാണ സാധനങ്ങൾ നെയ്യാറ്റിൻകര പോലീസ് സബ് ഡിവിഷൻ വഴി കടത്തിവിടുന്നതിന് നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): അമിതഭാരം കയറ്റിവരുന്ന വാഹനങ്ങൾ റോഡുകൾക്ക് ഭീഷണിയാകുന്നതിനാൽ അത് നിയന്ത്രിക്കേണ്ട തുള്ളതുകൊണ്ടാണ് അന്യസംസ്ഥാനത്ത് നിന്നും കെട്ടിടനിർമ്മാണ സാധന ങ്ങൾ കയറ്റി അമിതം ഭാരം വഹിച്ച് വരുന്ന ലോറികളെ നെയ്യാറ്റിൻകര പോലീസ് സബ് ഡിവിഷൻ വഴി കടത്തിവിടാതിരിക്കുകയും മിതമായ ഭാരത്തിൽ എം.സാന്റ് കയറ്റിവരുന്ന വാഹനങ്ങളെ കടത്തിവിടുകയും ചെയ്യുന്നത്.

## (6) ബമ്മണ്ണൂർ ജി.എച്ച്.എസ്.-ന് അടിസ്ഥാന സൗകര്യങ്ങൾ

ശ്രീ. എ.കെ. ബാലൻ: പെരിങ്ങോട്ടുകുറിശ്ശി പഞ്ചായത്തിലെ ബമ്മണ്ണൂർ ഗവൺമെന്റ് ഹൈസ്കൂളിന്റെ കെട്ടിടനിർമ്മാണം ഉൾപ്പെടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാനും ആവശ്യത്തിന് അദ്ധ്യാപകരെ നിയമിക്കാനും അടിയന്തര നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദുറബ്ബ്): ആർ.എം.എസ്.എ. പദ്ധതിപ്രകാരം 2009-2010 വർഷത്തിൽ അപ്ഗ്രേഡ് ചെയ്ത 60 സ്കൂളുകളിൽ ഉൾപ്പെട്ടതാണ് പാലക്കാട് ജില്ലയിലെ ബമ്മണ്ണൂർ ഗവൺമെന്റ് യു.പി. സ്കൂൾ. ഓരോ സ്കൂളിനും 20 ലക്ഷം രൂപ വീതം എസ്.എം.ഡി.സി.യുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേയ്ക്ക് കൈമാറിയിട്ടുണ്ട്. ഈ തുക ചെലവഴിച്ച് ക്ലാസ്സ്മുറികൾ, ഓഫീസ്, ലബോറട്ടറി, ലൈബ്രറി മുതലായവയ്ക്ക് 10 മുറികൾ നിർമ്മിക്കാനാണ് നിർദ്ദേശിച്ചിട്ടുള്ളതെങ്കിലും തുക മതിയാകാത്തതിനാൽ ഓരോ സ്കൂളിലും ഏറ്റവും അത്യാവശ്യമായ ക്ലാസ്സ്മുറികൾക്ക് മുൻഗണന നൽകി

ആദ്യഘട്ടമായി 7 എണ്ണം വീതം നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ട്. പുതുക്കിയ പ്ലാൻ പ്രകാരമുള്ള സാങ്കേതികാനുമതി ലഭ്യമാക്കാൻ അതാത് സ്കൂളുകളിലെ ഹെഡ്മാസ്റ്റർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ക്ലാസ്സ്മുറികളുടെ നിർമ്മാണം തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ സഹായത്തിലും മേൽനോട്ടത്തിലും നടത്താനാണുദ്ദേശിക്കുന്നത്. പദ്ധതി മാനദണ്ഡമനുസരിച്ച് രണ്ട് ഭാഷാ അദ്ധ്യാപക തസ്തികകളും നാല് വിഷയാദ്ധ്യാപക തസ്തികകളും മാത്രമേ അനുവദിച്ചിട്ടുള്ളൂ. മറ്റ് തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം യഥാസമയം പരിശോധിക്കുന്നതാണ്.

## (7) <u>എൽ.പി. സ്കൂൾ യു.പി. സ്കൂൾ ആക്കേണ്ടതിന്റെ ആവശ്യകത</u>

<u>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ</u>: വെഞ്ഞാറമൂട് ഗവൺമെന്റ് എൽ.പി. സ്കൂളിനെ യു.പി. സ്കൂളായി അപ്ഗ്രേഡ് ചെയ്യാൻ അടിയന്തര നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (<u>ശ്രീ. പി.കെ. അബ്ദുറബ്ബ്</u>): വെഞ്ഞാറമൂട് ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ ബൈഫർക്കേറ്റ് ചെയ്ത് യു.പി. വിഭാഗം എൽ.പി. സ്കൂളിനോട് ചേർത്ത് യു.പി. സ്കൂളായി അപ്ഗ്രേഡ് ചെയ്യുന്നത് ഉചിതമായിരിക്കുമെന്ന് തിരുവനന്തപുരം റവന്യൂ വിദ്യാഭ്യാസ ഡയറക്ടർ ശുപാർശ ചെയ്തിട്ടുള്ളത് പരിശോധിക്കുന്നതാണ്. ഈ വിഷയ ത്തിന്മേൽ ആവശ്യമായ പ്രൊപ്പോസൽ സമർപ്പിക്കാൻ പൊതുവിഭ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകുന്നതാണ്.

## (8) കാലിക്കറ്റ് സർവ്വകലാശാലയുടെ അന്യാധീനപ്പെട്ട ഭൂമി തിരിച്ചെടുക്കൽ

ശ്രീ. എം. ചന്ദ്രൻ: കോഴിക്കോട് സർവ്വകലാശാലയുടെ സ്ഥലം അടിയന്തരമായി അളന്ന് തിട്ടപ്പെടുത്തി സംരക്ഷിക്കാനും അന്യാധീനപ്പെട്ട ഭൂമി തിരിച്ചെടുക്കാനും നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോഴിക്കോട് സർവ്വകലാശാല വക ഭൂമി വിവിധ ആവശ്യങ്ങൾക്കായി പതിച്ചുനൽകണമെന്നാവശ്യപ്പെട്ട് സർവ്വകലാശാലയ്ക്ക് അപേക്ഷ ലഭിച്ചിരുന്നു. സർവ്വകലാശാലവക ഭൂമി കൈമാറ്റങ്ങളെക്കുറിച്ച് സർക്കാർ അന്വേഷണം നടത്തുകയും നിയമവിരുദ്ധമായി ഒന്നും നടന്നിട്ടില്ലായെന്നും സർവ്വകലാശാല ഭൂമി അന്യാധീനപ്പെട്ടിട്ടില്ലായെന്നും കണ്ടെത്തിയിട്ടുള്ളതുമാണ്. കോഴിക്കോട് സർവ്വകലാശാല നിയമപ്രകാരം സർവ്വകലാശാലയ്ക്ക് കൈമാറിയ സ്ഥാവരജംഗമ വസ്തുക്കളുടെ നിയന്ത്രണം സർവ്വകലാശാലയിൽ നിക്ഷിപ്തമാണ്. എന്നിരുന്നാലും സർവ്വകലാശാലയ്ക്ക് സർക്കാർ ഏറ്റെടുത്ത് നൽകിയ ഭൂമി കൃത്യമായി അളന്നു തിട്ടപ്പെടുത്തി ഭാവിയിൽ അന്യാധീനപ്പെട്ടുപോകാതെ സംരക്ഷിക്കാനുള്ള നടപടി സർവ്വകലാശാല ഇതിനകം സ്വീകരിച്ചിട്ടുണ്ട്.

## (9) ഉരുൾപൊട്ടൽ മൂലമുണ്ടായ നാശനഷ്ടങ്ങൾ

ശ്രീ. സി. മോയിൻകുട്ടി: തിരുവമ്പാടി നിയോജകമണ്ഡലത്തിലുണ്ടായ ഉരുൾപൊട്ടലിനെത്തുടർന്ന് പ്രഖ്യാപിച്ച പാക്കേജ് അടിയന്തരമായി നടപ്പാക്കാൻ നടപടി സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): കോഴിക്കോട് ജില്ലയിലെ തിരുവമ്പാടിയിലുണ്ടായ ഉരുൾപൊട്ടലിൽ മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് 3 ലക്ഷം രൂപ വീതവും ദുരിതാശ്വാസ ക്യാമ്പിൽ താമസിപ്പിക്കപ്പെട്ട കുടുംബങ്ങൾക്ക് 5000 രൂപ വീതവും താൽക്കാലിക ധനസഹായം നൽകിയിട്ടുണ്ട്. പൂർണ്ണമായി വീട് നഷ്ടപ്പെട്ടവർക്ക് ഒരു ലക്ഷം രൂപവീതവും ഭാഗികമായി വീട് നഷ്ടപ്പെട്ടവർക്ക് അർഹമായ ധനസഹായവും റിലീഫ് ക്യാമ്പിൽ മാറ്റിപാർപ്പിക്കപ്പെട്ട കുടുംബങ്ങൾക്ക് ഒരുമാസത്തെ സൗജന്യ റേഷനും വീട്ടുപകരണങ്ങൾ നഷ്ടപ്പെട്ട 24 കുടുംബങ്ങൾക്ക് അർഹമായ ധനസഹായവും അനുവദിച്ചിട്ടുണ്ട്. തിരുവമ്പാടി പഞ്ചായത്തിലെ തിരുവമ്പാടി-എടത്തറ-പുല്ലൂരാംപാറ റോഡിന് 64 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഉരുൾപൊട്ടലിൽ തകർന്ന മറ്റ് ആറ് റോഡുകൾക്കുള്ള ഭരണാനുമതി ഉടൻ നൽകുന്നതാണ്. ഭൂമി നഷ്ട പ്പെട്ടവർക്ക് 5 സെന്റ് മുതൽ പരമാവധി ഒരു ഏക്കർ വരെയുള്ള ഭൂമി ഏറ്റെടു ക്കുന്ന പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകുന്നതാണ്.

## (10) കുഞ്ഞലിക്കടവ് പാലം

ശ്രീ. സി. മമ്മൂട്ടി: കുഞ്ഞലിക്കടവ് പാലം, തിരുനാവായ-തവനൂർ പാലം എന്നിവയുടെ നിർമ്മാണത്തിന് ഭരണാനുമതി നൽകി പണി ആരംഭിക്കാനാവ ശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിംകുഞ്ഞ്): തിരൂർ പുഴയ്ക്ക് കുറുകെ കുഞ്ഞലിക്കടവ് പാലം നിർമ്മിക്കാൻ നബാർഡിൽ

ഉൾപ്പെടുത്തി അനുമതി നൽകി 14 കോടി രൂപയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പാലം ആർ.ഐ.ഡി.എഫ്-ൽ ഉൾപ്പെടുത്തി അനുമതി നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്. തിരുനാവായ-തവനൂർ പാലം നിർമ്മാണത്തിനാവശ്യമായ സ്ഥലം ഏറ്റെടുത്തതിനുശേഷം സമയബന്ധിതമായി പണി ആരംഭിക്കാവുന്നതാണ്.

## (11) പദ്ധതി നിർവ്വഹണത്തിനുള്ള സമയപരിധി ദീർഘിപ്പിക്കൽ

ശ്രീ. സണ്ണി ജോസഫ്: ത്രിതല പഞ്ചായത്തുകളുടെ പദ്ധതികൾ പൂർത്തീകരിക്കുന്നതിനുള്ള സമയപരിധി രണ്ട് മാസംകൂടി ദീർഘിപ്പിച്ചു നൽകാനോ അല്ലെങ്കിൽ 50 ശതമാനം വർക്കുകൾ പൂർത്തീകരിച്ച പഞ്ചായത്തുകളുടെ അവശേഷിക്കുന്ന വിഹിതം അടുത്ത സാമ്പത്തിക വർഷത്തേയ്ക്ക് ക്യാരി ഓവർ ചെയ്യാനോ നടപടി സ്വീകരിക്കണം.

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): 21-02-2013 വരെയുള്ള പദ്ധതി നിർവ്വഹണം പരിശോധിച്ചപ്പോൾ പഞ്ചായത്ത്, ബ്ലോക്ക് തലങ്ങളിൽ യഥാക്രമം 50 ശതമാനം, 62 ശതമാനം എന്നിങ്ങനെയാണ് പദ്ധതി നിർവ്വഹണം പൂർത്തിയായിട്ടുള്ളത്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗം വർഷാവസാനമാണ് നടക്കുന്നത്. നഗരസഭകൾ, കോർപ്പറേഷനുകൾ എന്നിവ പദ്ധതി നിർവ്വഹണത്തിനുള്ള സമയപരിധി ദീർഘിപ്പിക്കണമെന്ന ആവശ്യം ഉന്നയിച്ചിട്ടില്ല. മാർച്ച് 30-ന് പഞ്ചായത്തുകളുടെ ഫണ്ട് വിനിയോഗം വിലയിരുത്തിയശേഷം ആവശ്യമെങ്കിൽ അടുത്ത വർഷത്തേയ്ക്ക് ക്യാരി

ഓവർ ചെയ്യാവുന്ന തുക വ്യത്യാസപ്പെടുത്തി നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

**മേശപ്പുറത്തുവച്ച കടലാസുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസുകൾ മേശപ്പുറത്തുവച്ചു.

**അനൗദ്യോഗികാംഗങ്ങളുടെ കാര്യം**

**(1) റിപ്പോർട്ട് പരിഗണന**

അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിനാലാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

**(2) ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ**

(i) **2012-ലെ കേരള അർബുദ രോഗികളുടെയും വൃക്ക, കരൾ രോഗികളുടെയും ആരോഗ്യപരിപാലന ബിൽ**

(നോട്ടീസ് നൽകിയിരുന്ന അംഗം ശ്രീ. വി.എസ്. സുനിൽ കുമാർ സീറ്റിലില്ലാതിരുന്നതിനാൽ പ്രമേയം അവതരിപ്പിക്കപ്പെട്ടില്ല.

(ii) **2013-ലെ കേരള സംസ്ഥാന ലഹരി വിമോചന അതോറിറ്റി ബിൽ**

ശ്രീ. രാജു എബ്രഹാം: 2013-ലെ കേരള സംസ്ഥാന ലഹരി വിമോചന അതോറിറ്റി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. കെ. കെ. നാരായണൻ: പ്രമേയത്തെ പിന്താങ്ങുന്നു.

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): നിലവിൽ ലഹരി വിമോചന കേന്ദ്രങ്ങൾക്ക് ഗ്രാന്റ്-ഇൻ-എയ്ഡ് നൽകുന്നതുമായി ബന്ധപ്പെട്ട് ജില്ലാ സാമൂഹ്യ നീതി

ഓഫീസർമാർ ഇത്തരം കേന്ദ്രങ്ങൾ പരിശോധിക്കുകയും റിപ്പോർട്ടുകൾ തയ്യാറാക്കുകയും ചെയ്യുന്നതോടൊപ്പം ലഹരി മരുന്നുകളുടെ വ്യാപാരവും ഉപയോഗവും തടയുന്നതിന് ആരോഗ്യം, എക്സൈസ് വകുപ്പുകൾ ആവശ്യമായ പ്രവർത്തനങ്ങൾ നടത്തുന്നുമുണ്ട്. ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്ന സന്നദ്ധ സംഘടനകൾക്ക് കേന്ദ്ര സർക്കാരിന്റെ ഗ്രാന്റ്-ഇൻ-എയ്ഡ് ലഭ്യമാക്കുന്നതിനായി സാമൂഹ്യനീതി വകുപ്പ് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. കേരളത്തിൽ ഓരോ താലൂക്കിലും ഡീഅഡിക്ഷൻ സെന്ററുകൾ എൻ.ജി.ഒ. സെക്ടറിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ലഹരി വിമോചന പ്രവർത്തനങ്ങൾ സർക്കാരിന്റെ വിവിധ വകുപ്പുകളിൽ ഊർജ്ജിതമായി നടപ്പിലാക്കി വരുന്ന സാഹചര്യത്തിൽ ഈ ബില്ലിന് അവതരണാനുമതി നൽകേണ്ട സാഹചര്യം നിലവിലില്ല.

<u>ശ്രീ. രാജു എബ്രഹാം</u>: കേരള സംസ്ഥാന ലഹരി വിമോചന അതോറിറ്റി രൂപീകരിക്കാൻ ഗവൺമെന്റ് തയ്യാറാകണം. ലഹരി വിമോചന കേന്ദ്രങ്ങളും അതിന്റെ നടത്തിപ്പും കൈകാര്യം ചെയ്യുന്ന സാമൂഹ്യനീതി വകുപ്പ് ഇക്കാര്യ ത്തിൽ പൂർണ്ണമായി പരാജയപ്പെട്ടിരിക്കുകയാണ്. മദ്യം, പാൻ പരാഗ് പോലെയുള്ള ലഹരി മരുന്നുകൾ ഉപയോഗിക്കുന്നവരുടെ എണ്ണം വളരെ കൂടുതലാണ്. ലഹരി വിമോചന കേന്ദ്രങ്ങൾ പലതും വ്യാജമാണ്. ഇന്ന് മദ്യപാനശീലം കൂടുതലായിരിക്കുകയാണ്. മദ്യം വാങ്ങിക്കുന്നതിനുള്ള പ്രായ പരിധി നിശ്ചയിക്കണം. മദ്യ നിരോധനം പ്രായോഗികമല്ലെങ്കിലും ഉപ ഭോഗം തടയുന്നതിനുള്ള ബോധവൽക്കരണം ഉണ്ടാകണം.

(ചർച്ച തുടരും)

(iii) **2013-ലെ കേരള ആരോഗ്യ അവകാശ സംരക്ഷണ ബിൽ**

ശ്രീ. രാജു എബ്രഹാം: 2013-ലെ കേരള ആരോഗ്യ അവകാശ സംരക്ഷണ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീമതി കെ. കെ. ലതിക: പ്രമേയത്തെ പിന്താങ്ങുന്നു.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): ആരോഗ്യ രക്ഷാ സേവന പ്രവർത്തകർക്കെതിരായ അക്രമം നിരോധിക്കുന്നതിനും ആരോഗ്യ രക്ഷാ സേവന സ്ഥാപനങ്ങളുടെ സ്വത്തുക്കൾ നശിപ്പിക്കുന്നത് തടയുന്നതിനുമായി നിലവിലുള്ള നിയമത്തിന്റെ സെക്ഷൻ 6 അനുസരിച്ച് വൈദ്യ ചികിത്സയെക്കുറിച്ചുള്ള പൂർണ്ണ വിവരം പ്രസ്തുത സ്ഥാപനത്തിൽ ചികിത്സ തേടുന്ന രോഗികൾക്കോ അവരുടെ ബന്ധുക്കൾക്കോ ലിഖിതമായി നൽകേണ്ട ഉത്തരവാദിത്തമുണ്ട്. വിവരാവകാശ നിയമത്തിന്റെ പരിധിയിൽ സ്വകാര്യ ആശുപ്രതികളെ ഉൾപ്പെടുത്താൻ സംസ്ഥാന സർക്കാരിന് സാധിക്കില്ല. ചികിത്സാ സംബന്ധമായ രേഖകൾ ലഭ്യമാക്കാൻ വ്യവസ്ഥയുള്ളതിനാൽ ഇപ്രകാരം ഒരു ബിൽ ആവശ്യമില്ല.

ശ്രീ. രാജു എബ്രഹാം: എല്ലാ ആളുകൾക്കും ചികിത്സ ലഭ്യമാകുകയെന്നതും ചികിത്സയുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ലഭിക്കണമെന്നതും രോഗിയുടെ അവകാശമാണ്. ജീവിതശൈലീ രോഗങ്ങൾ ഇന്ന് വ്യാപകമായിരിക്കുകയാണ്. ആരോഗ്യസംരക്ഷണത്തിന് വൻതുകകൾ ചെലവഴിക്കുന്നുണ്ട്. ആരോഗ്യസംരക്ഷണ രംഗത്ത് വൻ തട്ടിപ്പ് നടത്തുന്ന ഡോക്ടർമാരും ആശുപത്രികളും വ്യാപകമായിരിക്കുകയാണ്. പാവപ്പെട്ട

ആളുകളെ ചൂഷണത്തിൽനിന്ന് സംരക്ഷിക്കാൻ ആരോഗ്യ അവകാശ ബിൽ പാസ്സാക്കാൻ സംസ്ഥാന സർക്കാർ മുൻകയ്യെടുക്കണം.

(ചർച്ച തുടരും)

## (iv) 2012-ലെ കേരള പരിസ്ഥിതി-സൗഹൃദ വികസന ബിൽ

ശ്രീ. റ്റി. എൻ. പ്രതാപൻ: 2012-ലെ കേരള പരിസ്ഥിതി-സൗഹൃദ വികസന ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: പ്രമേയത്തെ പിന്താങ്ങുന്നു.

മുഖ്യമന്ത്രിക്കുവേണ്ടി ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): ബില്ലിലെ ആശയങ്ങളെ തത്വത്തിൽ എതിർക്കുന്നില്ലെങ്കിലും പ്രായോഗികമായി ചില പ്രശ്നങ്ങളുള്ളതിനാൽ ഇത്തരം ഒരു ബില്ലിന്റെ ആവശ്യം ഇപ്പോഴില്ല.

ശ്രീ. റ്റി. എൻ. പ്രതാപൻ: സംസ്ഥാനത്തിന്റെ സ്വാഭാവിക ജലസ്രോതസ്സുകൾ, തണ്ണീർത്തടങ്ങൾ, തോടുകൾ മുതലായ ജല നിർഗ്ഗമന മാർഗ്ഗങ്ങളുടേയും ചതുപ്പുകളുടെയും നദികളുടെയും പാടശേഖരങ്ങളുടെയും സംരക്ഷണം ഉറപ്പുവരുത്തുക എന്ന ലക്ഷ്യം മുൻനിറുത്തിയാണ് ഈ ബിൽ അവതരിപ്പിക്കുന്നത്. കേരളത്തിന്റെ പ്രകൃതി സമ്പത്ത്, ജൈവ വൈവിദ്ധ്യം, പുഴകൾ, തോടുകൾ, ജലാശയങ്ങൾ എന്നിവയ്ക്ക് ഒരു തരത്തിലുള്ള ശോഷണമോ നാശമോ വികസനം എന്നതിന്റെ പേരിൽ ഉണ്ടാകാതിരിക്കാൻ ലക്ഷ്യമിടുന്നതാണ് ഈ ബിൽ. നാൽപ്പത്തിനാല് നദികളിലെ ജലവും മൂവായിരം മില്ലി മീറ്ററിലേറെ ശരാശരി മഴയും ലഭിക്കുന്നുണ്ടെങ്കിലും ആളോഹരി ജല ലഭ്യതയിൽ കേരളം രാജസ്ഥാനേക്കാൾ പിന്നിലാണ്. പരിസ്ഥിതിക്ക് ആഘാതം ഏൽപ്പിക്കുന്ന പ്രക്രിയകൾ ഈ സംസഥാനത്ത് വർദ്ധിച്ചു

വരികയും വികസനത്തിന്റെ പേരിലുള്ള അനധികൃത മണൽ ഖനനം, പാറ പൊട്ടിക്കൽ, തുടങ്ങിയ പ്രവർത്തനങ്ങൾ പരിസ്ഥിതിക്ക് വൻവെല്ലുവിളി ഉയർത്തുകയുമാണെന്ന യാഥാർത്ഥ്യം ഉൾക്കൊണ്ടുകൊണ്ട് നമ്മുടെ സ്വാഭാവിക ജലസ്രോതസ്സുകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കേണ്ടതുണ്ട്. പരിസ്ഥിതി സൗഹൃദ വികസനം എന്ന ആശയം പരമാവധി ജനമനസ്സുകളിൽ എത്തിക്കുവാൻ കർമ്മപദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കണം. വികസനത്തിന്റെ പേരിൽ ഹരിതശോഭ നഷ്ടപ്പെടാതെ സൂക്ഷിക്കേണ്ടത് കേരളത്തിന്റെ ആവശ്യമാണ്.

(ചർച്ച തുടരും)

(v) **2012-ലെ കേരള ജൈവ-പാരിസ്ഥിതിക സംരക്ഷണ ബിൽ**

ശ്രീ. റ്റി.എൻ. പ്രതാപൻ: 2012-ലെ കേരള ജൈവ-പാരിസ്ഥിതിക സംരക്ഷണ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. ബെന്നി ബെഹനാൻ: പ്രമേയത്തെ പിന്താങ്ങുന്നു.

മുഖ്യമന്ത്രിക്കുവേണ്ടി ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): പരിസ്ഥിതിയുമായി ബന്ധപ്പെട്ട വിഷയമായതുകൊണ്ട് അവതരണാനുമതിയെ എതിർക്കുന്നില്ല. സാങ്കേതിക വശങ്ങൾകൂടി പരിശോധിച്ചശേഷമേ ബിൽ അക്സപ്റ്റ് ചെയ്യുന്നതിനെക്കുറിച്ച് പറയാൻ സാധിക്കു.

ശ്രീ. റ്റി.എൻ. പ്രതാപൻ: ജീവജാലങ്ങളുടെ ആരോഗ്യകരമായ നിലനിൽപ്പ് ഉറപ്പാക്കാൻ പ്രകൃതിയുടെ സന്തുലിതാവസ്ഥ നിലനിർത്തിയേ മതിയാകൂ. അമിതമായ വിഭവചൂഷണം ഭൂമിയെ നാശത്തിന്റെ

വക്കിലെത്തിക്കുകയാണ്. ജൈവ സമ്പത്തിന്റെ നിലനിൽപ്പ് ഉറപ്പുവരുത്തേണ്ടത് വർത്തമാന, ഭാവി തലമുറകളുടെ വികസനത്തിന് അനിവാര്യമാണ്. ജൈവവള ഉപയോഗവും പരമ്പരാഗത കൃഷിരീതിയും ഉറപ്പാക്കാൻ സർക്കാരും അനുബന്ധ ഏജൻസികളും പദ്ധതികൾ നടപ്പിലാക്കണം. ജലശാക്തീകരണത്തിനു കരുത്തേകുന്ന വിളകൾ വ്യാപിപ്പിക്കണം. വിഭവ സംരക്ഷണ ബോധവൽക്കരണം പൊതുസമൂഹത്തിലെത്തിക്കുവാൻ യുദ്ധകാലാടിസ്ഥാനത്തിലുള്ള പദ്ധതികൾ നടപ്പിലാക്കണം. പൊതു/സ്വകാര്യ ഭൂമികളിൽ നിന്നും ജലം, മണ്ണ്, വൃക്ഷലതാദികൾ, ജൈവ സമ്പത്തുകൾ എന്നിവ അനിയന്ത്രിതമായി നീക്കം ചെയ്യുന്നത് കർശനമായും നിയന്ത്രിക്കണം.

(ചർച്ച തുടരും)

(vi) **2012-ലെ കേരള സ്വകാര്യ മേഖലയിലെ സാങ്കേതികവും തൊഴിൽ പരവുമായ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തൽ ബിൽ**

ശ്രീ. എം. ഹംസ: 2012-ലെ കേരള സ്വകാര്യ മേഖലയിലെ സാങ്കേതികവും തൊഴിൽപരവുമായ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തൽ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. വി. ചെന്താമരാക്ഷൻ: പ്രമേയത്തെ പിന്താങ്ങുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദുറബ്ബ്): സംസ്ഥാനത്തിന്റെ സാമൂഹികവും സാമ്പത്തികവുമായ മേഖലകൾക്ക് പര്യാപ്തമാകുംവിധം ഉന്നതവിദ്യാഭ്യാസ മേഖലയെ മുന്നോട്ടുകൊണ്ടുപോകാനും സ്ഥാപനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്താനും നിലവിലുള്ള

സംവിധാനങ്ങൾ ഫലപ്രദമായതിനാൽ ഈ ബിൽ കൊണ്ടുവരുന്നതിനോട് യോജിപ്പില്ല.

ശ്രീ. എം. ഹംസ: ഉന്നതവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം തകർന്നിരിക്കുന്നുവെന്ന് ഹൈക്കോടതി തന്നെ പരാമർശിച്ചിട്ടുണ്ട്. കേരളത്തിലെ സ്വകാര്യ എഞ്ചിനീയറിംഗ് കോളേജുകളിൽ എം.ടെക് പഠിപ്പിക്കുന്നവർ സാങ്കേതിക യോഗ്യതയും വൈദഗ്ദ്ധ്യവുമുള്ളവരാണോ എന്ന് പരിശോധിക്കാനുള്ള സംവിധാനമില്ല. ഇവർക്ക് മതിയായ വേതനമോ ലാബ്, ഹോസ്റ്റൽ സൗകര്യങ്ങളോ ഈ കോളേജുകളിൽ ലഭിക്കുന്നില്ല.

(ചർച്ച തുടരും)

(vii) **2012-ലെ കേരള സംസ്ഥാനത്തെ സർക്കാർ ജീവനക്കാരുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും പൗരൻമാർക്കുള്ള സേവനം മെച്ചപ്പെടുത്തി ഉറപ്പുവരുത്തുന്നതിനുമുള്ള ബിൽ**

ശ്രീ. എം. ഹംസ: 2012-ലെ കേരള സംസ്ഥാനത്തെ സർക്കാർ ജീവനക്കാരുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും പൗരൻമാർക്കുള്ള സേവനം മെച്ചപ്പെടുത്തി ഉറപ്പുവരുത്തുന്നതിനുമുള്ള ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. വി. ചെന്താമരാക്ഷൻ: പ്രമേയത്തെ പിന്താങ്ങുന്നു.

മുഖ്യമന്ത്രിക്കുവേണ്ടി ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): ഈ ബിൽ ഇതിനുമുമ്പും അവതരണാനുമതി തേടിയിരുന്നതും നിഷേധിച്ചതുമാണ്. ബില്ലിനെ എതിർക്കുന്നു.

ശ്രീ. എം. ഹംസ: കേരള സർക്കാർ സർവ്വീസിലെ ജീവനക്കാരുടെ ഗുണനിലവാരം മെച്ചപ്പെടുത്താനാവശ്യമായ സംവിധാനം അപര്യാപ്തമാണ്.

1977-ന് ശേഷം ഭരണപരിഷ്ക്കാര സമിതിയെ നിയോഗിച്ചിട്ടില്ല. ഇ-ഗവേണൻസ് സമ്പ്രദായവും മറ്റ് ടെക്നോളജികളും ഉപയോഗപ്പെടുത്തി ഫയലുകൾ സമയബന്ധിതമായി കൈകാര്യം ചെയ്യാനും ഗുണനിലവാരമുള്ള സേവനം കേരളത്തിലെ പൗരൻമാർക്ക് ലഭ്യമാക്കാനും നിയമനിർമ്മാണമുണ്ടാകണം. ജില്ലാ തലത്തിലും സംസ്ഥാനാടിസ്ഥാനത്തിലും സർവ്വീസ് അപ്രയിസൽ അതോറിറ്റി രൂപീകരിക്കണം.

(ചർച്ച തുടരും)

(സഭ ഉച്ചയ്ക്കുശേഷം 12.30-ന് പിരിഞ്ഞു.)

-----